## പതിനാലാം കേരള നിയമസഭ


## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2021 — 7.3.2017-ൽ മറുപടിയ്ക്ക്

## കോഴിക്കോട് സർക്കാർ പ്രസ്സ് ജീവനക്കാരുടെ അദർ ഡ്യൂട്ടി ക്രമീകരണം

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ഡോ.എം.കെ.മുനീർ** | | | **ശ്രീ.പിണറായി വിജയൻ**<br>(ബഹു : മുഖ്യമന്ത്രി) |
| (എ) | കോഴിക്കോട് സർക്കാർ പ്രസ്സിൽ ചികിത്സ/മാനുഷിക പരിഗണന അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ അദർ ഡ്യൂട്ടിയിൽ സേവനം ചെയ്യുന്നുണ്ട്; ഈ വ്യവസ്ഥ പ്രകാരം അപേക്ഷിക്കുന്നവർക്ക് അദർഡ്യൂട്ടി അനുവദിക്കുന്നതിന് മുൻഗണന ഉണ്ടോ; ഇപ്രകാരം സമർപ്പിച്ച ഏതെങ്കിലും അപേക്ഷ പരിഗണിക്കപ്പെടാതെ നിലവിൽ ഉണ്ടോ; | (എ) | കോഴിക്കോട് ഗവൺമെന്റ് പ്രസ്സി ചികിത്സ/ മാനുഷിക പരിഗണ അടിസ്ഥാനത്തിൽ ആര അദർഡ്യൂട്ടിയിൽ ജോലി ചെയ്യുന്നി മുൻഗണന ഇല്ല. അങ്ങനെയുള്ള അപേക്ഷ നിലവിലുണ്ട്. |
| (ബി) | അച്ചടിവകുപ്പിനെ / സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് അദർ ഡ്യൂട്ടി / പ്രവർത്തന ക്രമീകരണ സേവനം സമ്പാദിച്ച ഏതെങ്കിലും ജീവനക്കാരുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (സി) | 2016 മെയ് മാസം മുതൽ നാളിതുവരെ കോഴിക്കോട് സർക്കാർ പ്രസ്സിൽ എത്ര ജീവനക്കാർക്ക് അദർ ഡ്യൂട്ടി/ പ്രവർത്തന ക്രമീകരണം അനുവദിച്ചിട്ടുണ്ട്; ആർക്കെല്ലാം; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ താഴെപ്പറയുന്ന 7 ജീവനക്കാർക്ക് പ്രവർത്തനക്രമീകരണം അനുവദിച്ചിട്ടുണ്ട്. ശ്രീ. അബ്ദുൾ ഷുക്കൂർ ശ്രീ.പി.എ.സക്കീർ ഹസൈൻ ശ്രീ.കെ.ധർമ്മേന്ദ്രൻ, ശ്രീ.എം.ടി.സദാനൻ, ശ്രീ.എം.അജിത് കുമാർ ശ്രീമതി.പി.സ്മിത, ശ്രീമതി.റി.കെ. ബീന, മാർഗ്ഗരറ്റ്<br>ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |



സെക്ഷൻ ഓഫീസർ

ഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടികൾ
## (ഹാജർ. റ്റി.വി.വിജയകുമാർ)

തിരുവനന്തപുരം
തീയതി: 29.07.2016.

നമ്പർ. 17179/2013/ഇ4

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് - സർക്കാർ സാധൂകരണത്തിന് വിധേയമായി പ്രവർത്തന ക്രമീകരണാർത്ഥം സ്ഥലംമാറ്റവും നിയമനവും താല്ക്കാലികമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ ശ്രീ.എ.അബ്ദുൾ ഷുക്കൂറിന്റെ 09.06.2016-ലെ അപേക്ഷ.
2. കണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ ശ്രീ.പി.എ.സക്കീർ ഹുസൈന്റെ 09.06.2016-ലെ അപേക്ഷ.
3. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ സീനിയർ ഗ്രേഡ് പ്രിന്റർ ശ്രീ.കെ.ധർമ്മേന്ദ്രന്റെ 21.06.2016-ലെ അപേക്ഷ.
4. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ മെഷീൻ വിഭാഗം അസിസ്റ്റന്റ് ഫോർമാൻ ശ്രീ.എം.ടി. സച്ചിദാനന്ദന്റെ 28.05.2016-ലെ അപേക്ഷ.

### ഉത്തരവ്

കണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ ശ്രീ.എ.അബ്ദുൾ ഷുക്കൂർ, ശ്രീ.പി.എ.സക്കീർ ഹുസൈൻ, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ സീനിയർ ഗ്രേഡ് പ്രിന്റർ ശ്രീ.കെ.ധർമ്മേന്ദ്രൻ, മെഷീൻ വിഭാഗം അസിസ്റ്റന്റ് ഫോർമാനായ ശ്രീ.എം.ടി. സച്ചിദാനന്ദൻ എന്നിവരെ പ്രവർത്തന ക്രമീകരണാർത്ഥം കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ നിയമിക്കണമെന്ന് പരാമർശത്തിലെ അപേക്ഷകൾ പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത ജീവനക്കാരെ സർക്കാർ സാധൂകരണത്തിന് വിധേയമായി താഴെ പറയും പ്രകാരം നിയമിച്ചുകൊണ്ടും നിലവിൽ ടി കാര്യാലയത്തിൽ പ്രവർത്തന ക്രമീകരണാർത്ഥം സേവനമനുഷ്ഠിക്കുന്ന മൂന്ന് ജീവനക്കാരെ അവരുടെ ലാവണത്തിലേക്ക് തിരികെ നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം. | പേരും, തസ്തികയും ഇപ്പോൾ ജോലി നോക്കുന്നു കാര്യാലയം | സ്ഥലംമാറ്റി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീ.എ.അബ്ദുൾ ഷുക്കൂർ,<br>ഒന്നാം ഗ്രേഡ് പ്രിന്റർ,<br>ഗവ.പ്രസ്സ്, കണ്ണൂർ. | ഗവ.പ്രസ്സ്, കോഴിക്കോട്. |
| 2. | ശ്രീ.ജിതേഷ്.കെ.,<br>ഒന്നാം ഗ്രേഡ് പ്രിന്റർ,<br>ഗവ.പ്രസ്സ്, കോഴിക്കോട്. | ഗവ.പ്രസ്സ്, കണ്ണൂർ. |
| 3. | ശ്രീ.പി.എ.സക്കീർ ഹുസൈൻ,<br>ഒന്നാം ഗ്രേഡ് പ്രിന്റർ,<br>ഗവ.പ്രസ്സ്, കണ്ണൂർ. | ഗവ.പ്രസ്സ്, കോഴിക്കോട് |

| | | |
|---|---|---|
| 4. | ശ്രീ.അബൂബേക്കർ.റ്റി.കെ.,<br>ഒന്നാം ഗ്രേഡ് പ്രിന്റർ,<br>ഗവ.പ്രസ്സ്, കോഴിക്കോട്. | ഗവ.പ്രസ്സ്, കണ്ണൂർ. |
| 5. | ശ്രീ.പി.ത്രിഭുദാസ്,<br>സീനിയർ ഗ്രേഡ് പ്രിന്റർ,<br>ഗവ.പ്രസ്സ്, കോഴിക്കോട് | ഗവ.പ്രസ്സ്, ഷൊർണ്ണൂർ |
| 6. | ശ്രീ.കെ.ധർമ്മേന്ദ്രൻ,<br>സീനിയർ ഗ്രേഡ് പ്രിന്റർ,<br>ഗവ.പ്രസ്സ്, ഷൊർണ്ണൂർ | ഗവ.പ്രസ്സ്, കോഴിക്കോട്. |
| 7. | ശ്രീ.എം.ടി.സച്ചിദാനന്ദൻ,<br>അസിസ്റ്റന്റ് ഫോർമാൻ<br>(മെഷീൻ വിഭാഗം),<br>ഗവ.പ്രസ്സ്, ഷൊർണ്ണൂർ | ഗവ.പ്രസ്സ്, കോഴിക്കോട്. |

ടി ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുമുള്ള നടപടികൾ ബന്ധപ്പെട്ട ഡെപ്യൂട്ടി സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.

പകർപ്പ്:- ഡയറക്ടറുടെ സി.എ./ഗവ:പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ.പ്രസ്സ്,കോഴിക്കോട്./ഷൊർണ്ണൂർ.
അസിസ്റ്റന്റ് സൂപ്രണ്ട്, ഗവ.പ്രസ്സ്, കണ്ണൂർ./
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട്-ഇI./
ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.

ഭരണഭാഷ – മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടികൾ

*(ഹാജർ എ.ആർ.സുരേശൻ)*

നം. 14185/16/ഇ6 തീയതി: 18-06-2016

വിഷയം:- അച്ചടി വകുപ്പ് – ജീവനക്കാര്യം – കോഴിക്കോട് ഗവ: പ്രസ്സിലേക്ക് പ്രവർത്തന ക്രമീകരണാർത്ഥം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ കാര്യാലയത്തിലെ 26-05-2016-ലെ 20872/15/ഇ6 നമ്പർ ഉത്തരവ്
2) കോഴിക്കോട് ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 04-06-2016-ലെ 174/16/ജിപികെ-2 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

## ഉത്തരവ്

കോഴിക്കോട് ഗവ: പ്രസ്സിൽ അടിയന്തിരമായി ചെയ്തു തീർക്കേണ്ട എൽ.ആർ-316, രസീത് ബുക്കുകൾ, എം.സി.എച്ച് സ്റ്റോർ കേസ് റെക്കോർഡ് തുടങ്ങിയവയുടെ അച്ചടി ജോലിയുമായി ബന്ധപ്പെട്ട ബൈന്റിംഗ് ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് 10 ബൈന്റർമാരെയെങ്കിലും പോസ്റ്റ് ഷിഫ്റ്റിംഗിലൂടെയോ അദർ ഡ്യൂട്ടിയിലോ അടിയന്തിരമായി നിയമിക്കണമെന്ന് കോഴിക്കോട് ഗവ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് പരാമർശം 2 പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ബൈന്റിംഗ് ജോലികൾ സമയബന്ധിതമായി ചെയ്ത് തീർക്കുന്നതിലേക്കായി കോഴിക്കോട് ഗവ: പ്രസ്സിൽ ജോലി നോക്കിയിരുന്നതും പരാമർശം 1-ലെ ഉത്തരവു പ്രകാരം വയനാട് ഗവ പ്രസ്സിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതുമായ, വയനാട് ഗവ പ്രസ്സിലെ ഒന്നാം ഗ്രേഡ് ബൈന്റർ ശ്രീ.എം.അജിത്കുമാറിനെ പ്രവർത്തനക്രമീകരണാർത്ഥം താത്ക്കാലികമായി കോഴിക്കോട് ഗവ പ്രസ്സിൽ നിയോഗിച്ച് ഉത്തരവാകുന്നു.

ടിയാളെ ഉടൻതന്നെ വയനാട് ഗവ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് വിടുതൽ ചെയ്യേണ്ടതും കോഴിക്കോട് ഗവ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തിക്ക്

പകർപ്പ്:- ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ: പ്രസ്സ്, വയനാട്/ ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ: പ്രസ്സ്, കോഴിക്കോട്/സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് ഇ II/ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

ഭരണഭാഷ – മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടികൾ

*(ഹാജർ എ.ആർ.സുരേശൻ)*

നം. 8438/16/ഇ6 തീയതി: 18-06-2016

വിഷയം:- അച്ചടി വകുപ്പ് – ജീവനക്കാര്യം – ശ്രീമതി.പി.സ്മിതയുടെ പ്രവർത്തന ക്രമീകരണം അവസാനിപ്പിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചും കോഴിക്കോട് ഗവ: പ്രസ്സിൽ പ്രവർത്തന ക്രമീകരണാർത്ഥം നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) അച്ചടി വകുപ്പ് ഡയറക്ടറുടെ 19-02-2015-ലെ 2861/15/ഇ6 നമ്പർ ഉത്തരവ്
2) അച്ചടി വകുപ്പ് ഡയറക്ടറുടെ 03-06-2016-ലെ 2861/15/ഇ6 നമ്പർ കത്ത്
3) ഉള്ളിയേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17-06-2016-ലെ എ-350/16 നമ്പർ കത്ത്
4) ശ്രീമതി.പി.സ്മിതയുടെ 18-06-2016-ലെ അപേക്ഷകൾ

### ഉത്തരവ്

തിരുവനന്തപുരം ഗവ: സെൻട്രൽ പ്രസ്സിൽ രണ്ടാം ഗ്രേഡ് ബൈന്ററായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി.പി.സ്മിത തന്റെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്രമീകരണം അവസാനിപ്പിച്ച് 18-06-2016 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും കോഴിക്കോട് ഗവ: പ്രസ്സിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകണമെന്നും പരാമർശം 4 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

പരാമർശം 3-ലെ ഉത്തരവ് പ്രകാരം ശ്രീമതി.പി.സ്മിതയെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിന്നും 17-06-2016 അപരാഹ്നത്തിൽ വിടുതൽ ചെയ്ത് ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി.പി.സ്മിതയെ തിരുവനന്തപുരം ഗവ സെൻട്രൽ പ്രസ്സിൽ ഇപ്പോൾ നിലവിലുള്ള ഒഴിവിൽ രണ്ടാം ഗ്രേഡ് ബൈന്ററായി ജോലിയിൽ തിരികെ പ്രവേശിച്ച് ഉത്തരവാകുന്നതോടൊപ്പം സർക്കാർ സാധൂകരണത്തിന് വിധേയമായി ടിയാളെ കോഴിക്കോട് ഗവ പ്രസ്സിൽ താൽക്കാലികമായി പ്രവർത്തന ക്രമീകരണാർത്ഥം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി.പി.സ്മിതയെ 18-06-2016 പൂർവ്വാഹ്നത്തിൽ തന്നെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും കോഴിക്കോട് ഗവ: പ്രസ്സിലേക്ക് വിടുതൽ നൽകുന്നതിനും തിരുവനന്തപുരം ഗവ സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തിക്ക്

പകർപ്പ്:- ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/ ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ: പ്രസ്സ്, കോഴിക്കോട്/സീനിയർ സൂപ്രണ്ട്/ഓഫീസ് മാനേജർ/അക്കൗണ്ട്സ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് ഇ II/എ II/ഹെഡ് ക്ലാർക്ക് ജിസിപി/ജിസിപിഇ6/എ8/ഫയൽ/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

ഭരണഭാഷ – മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടികൾ

(ഹാജർ : റ്റി.വി.വിജയകുമാർ)

തിരുവനന്തപുരം

നമ്പർ : 6298/2016/ഇ6/ഡിപി(2) — തീയതി 20/07/2016

വിഷയം :- അച്ചടി വകുപ്പ് - ജീവനക്കാര്യം - സർക്കാർ മുദ്ര നിർമ്മാണശാലയിലെ ശ്രീമതി വി.ബിന്ദു മോൾക്കും, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ശ്രീമതി. വി.കെ ബീനാ മാർഗരറ്റിനും പ്രവർത്തന ക്രമീകരണാർത്ഥം താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-

1. കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 18/02/2016-ലെ 174/16/ജിപികെ 2 നമ്പർ കത്ത്.
2. വയനാട് ഗവൺമെന്റ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 10/06/2016-ലെ 05/2016/ജിപിഡബ്ല്യു-2 നമ്പർ കത്ത്.
3. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് ബൈന്ററായ ശ്രീമതി. വി.കെ.ബീന മാർഗരറ്റിന്റെ 10/06/2016-ലെ അപേക്ഷ.
4. സർക്കാർ മുദ്ര നിർമ്മാണശാലയിലെ രണ്ടാം ഗ്രേഡ് ബൈന്ററായ ശ്രീമതി. വി. ബിന്ദുമോളുടെ 10/06/2016-ലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിന് കീഴിലുള്ള വയനാട് ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിലെ അടിയന്തിര ബൈന്റിംഗ് ജോലികൾക്ക് ബൈന്റർമാരെ നിയമിക്കണമെന്ന് പരാമർശം (1),(2) പ്രകാരം അതാത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3), (4)-ലെ അപേക്ഷകൾ പരിഗണിച്ച്, വയനാട് ഗവൺമെന്റ് പ്രസ്സിൽ നിലവിൽ പ്രവർത്തന ക്രമീകരണാർത്ഥം ജോലി ചെയ്യുന്ന ശ്രീമതി. കെ.റ്റി. ദീപ്തിയുടെ പ്രവർത്തന ക്രമീകരണാർത്ഥമുള്ള നിയമനം റദ്ദ് ചെയ്തു കൊണ്ടും നിലവിൽ തിരുവനന്തപുരം സർക്കാർ മുദ്ര നിർമ്മാണശാലയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ബിന്ദുമോൾ. വി-യെ വയനാട് ഗവൺമെന്റ് പ്രസ്സിലേക്കും, നിലവിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. വി.കെ. ബീന മാർഗരറ്റിനെ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലേക്കും സർക്കാർ സാധൂകരണത്തിന് വിധേയമായി പ്രവർത്തന ക്രമീകരണാർത്ഥം താൽക്കാലികമായി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് അതാത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ വീഴ്ച വരുത്താതെ നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-.
ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക് (അതാത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ മുഖേന)

പകർപ്പ് :- ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)
ഗവൺമെന്റ് പ്രസ്സ് ഷൊർണ്ണൂർ/സർക്കാർ മുദ്ര നിർമ്മാണശാല/വയനാട്/കോഴിക്കോട്.
സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് ഇ2/ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ബി 20/07